# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2775

10.03.2017 -ൽ മറുപടിയ്ക്ക്

## ഉന്നത വിദ്യാഭ്യാസ രംഗത്ത് നയപരമായ മാറ്റങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എൻ. ഷംസീർ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ. ജോൺ ഫെർണാണ്ടസ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നയപരമായ മാറ്റങ്ങൾ വരുത്താൻ വേണ്ട ഇടപെടലിന് ഉന്നതവിദ്യാഭ്യാസ കൗൺസിലിന് ഇതുവരെ എത്രമാത്രം സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(എ) ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ, മികവ്, പ്രാപ്യത, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കുക, ടി മേഖലയുമായി ബന്ധപ്പെട്ട നയപരമായ കാര്യങ്ങളിൽ സർക്കാരിനും സർവ്വകലാശാലകൾക്കും ഉപദേശം നൽകുക തുടങ്ങിയ ഉത്തരവാദിത്വങ്ങളോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ സമിതി. ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിന് വിവിധ പദ്ധതികൾ സമിതി നടപ്പിലാക്കിവരുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ നയപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) ബിരുദതല വിദ്യാഭ്യാസം പുന:സംഘടിപ്പിച്ച്, ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായം സംസ്ഥാനത്ത് നടപ്പിലാക്കി.
2) കൗൺസിൽ സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ വിവിധ സർക്കാർ/എയിഡഡ് കോളേജുകൾക്ക് സർക്കാർ ഓട്ടോണമസ് പദവി നൽകി.
3) പാഠ്യപദ്ധതികളുടെ നവീകരണവും പരീക്ഷാ പരിഷ്കരണവും, മാനവികശേഷി വികസനവും കാര്യക്ഷമതാ പരിപോഷണവും, അക്കാദമിക മേഖലയിലുള്ള അന്താരാഷ്ട്ര സഹകരണത്തിനുള്ള പദ്ധതികൾ, കോളേജ്/ സർവ്വകലാശാല അധ്യാപകർക്ക് പ്രോത്സാഹനവും അവാർഡുകളും നൽകൽ, ഹ്രസ്വ-ദീർഘകാല ഗവേഷണ പദ്ധതികൾക്ക് സാമ്പത്തിക സഹായം അധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് ശിൽപശാല, അന്താരാഷ്ട്ര സമ്മേളനങ്ങളും കൂടിയാലോചനകളും തുടങ്ങിയവ.
4) സർക്കാരിന് ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട നയപരമായ വിഷയങ്ങളിൽ പൊതുവായും പ്രത്യേക വിഷയങ്ങളിൽ കൃത്യമായും മറുപടി നൽകുന്നതിനുള്ള ചുമതല ഉന്നതവിദ്യാഭ്യാസ സമിതിയ്ക്കാണ്. സർക്കാർ ആവശ്യപ്പെടുന്ന മുറയ്ക്ക് വിവിധ വിഷയങ്ങളെക്കുറിച്ച് കൗൺസിൽ പഠനം

| | | | |
|---|---|---|---|
| | | | നടത്തുകയും റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്യുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമകാലികമായി നടപ്പിലാക്കേണ്ട മാറ്റങ്ങളെക്കുറിച്ചുള്ള പഠനങ്ങളാണ് പ്രധാനമായും ഏറ്റെടുക്കുന്നത്.<br>5) എറുഡൈറ്റ് പദ്ധതി, ക്ലസ്റ്റർ കോളേജുകൾ തുടങ്ങിയവ ഉന്നതവിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കിവരുന്നു. |
| (ബി) | കൗൺസിലിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് വേണ്ട മാറ്റങ്ങളെ കുറിച്ച് പഠിക്കാൻ നിയോഗിച്ച ഡോ. രാജൻ ഗുരുക്കൾ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | (ബി) | ഉണ്ട്. റിപ്പോർട്ട് സർക്കാർ പഠിച്ചുവരുന്നു. |
| (സി) | കാലാവധി കഴിഞ്ഞ ഉന്നത വിദ്യാഭ്യാസ കൗൺസിൽ പുന:സംഘടിപ്പിക്കാൻ നടപടിയെടുക്കുമോ? | (സി) | നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ